**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 375** | **10-06-2024 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിൽ എസ്.റ്റി. കോർപ്പസ് ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര മണ്ഡലത്തിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം മേൽനോട്ടം വഹിക്കുന്ന എസ്.റ്റി. കോർപ്പസ് ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി അറിയിക്കാമോ; | (എ) | അരുവിക്കര മണ്ഡലത്തിലെ പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി :<br><br>1) കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ കോട്ടൂർ മുളമൂട് പാലം - 40,00,000/- രൂപ.<br><br>ടി പ്രവൃത്തിയിൽ പാലം പണി പൂർത്തീകരിക്കുകയും Approach road concreting- പ്രവൃത്തി മാത്രം അവശേഷിക്കുന്നു.<br><br>2) കുറ്റിച്ചൽ ഗ്രാമ പഞ്ചായത്തിൽ വാലിപ്പാറ സാമൂഹ്യപഠന മുറി roofing -10,00,000/- രൂപ.<br><br>ടി പ്രവൃത്തിയുടെ സിവിൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ വർക്ക് അവശേഷിക്കുന്നു.<br><br>3) വിതുര ഗ്രാമപഞ്ചായത്തിൽ കളിയിക്കൽ കല്ലുപാറ റോഡ് - 60,54,000/- രൂപ.<br><br>ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബിൽ തയ്യാറായി വരുന്നു.<br><br>4) വിതുര ഗ്രാമപഞ്ചായത്തിൽ നാരായത്തുംകാല മുണ്ടൻകുഴി പാലം - 70,00,000/- രൂപ.<br><br>ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതിയ്ക്കായി തിരുവനന്തപുരം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിക്കുന്നു . |
| (ബി) | ഓരോ പ്രവൃത്തിയും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും;വ്യക്തമാക്കാമോ? | (ബി) | 1) കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ കോട്ടൂർ മുളമൂട് പാലം -2024 ഓഗസ്റ്റ് 31 നുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>2) കുറ്റിച്ചൽ ഗ്രാമ പഞ്ചായത്തിൽ വാലിപ്പാറ സാമൂഹ്യപഠന മുറി roofing - 2024 ഡിസംബർ 31 നുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | | | 3) വിതുര ഗ്രാമപഞ്ചായത്തിൽ നാരായത്തുംകാല മുണ്ടൻകുഴി പാലം - 2025 മെയ്മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ